**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ഓഡിറ്റ് പരിഷ്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനിക ഓഡിറ്റ് രീതികൾക്കും സമ്പ്രദായങ്ങൾക്കും അനുസരിച്ച് പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS സർവ്വീസിൽ നിന്ന് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഗ്രേഡിലുള്ള ഉദ്യോഗസ്ഥയെ സഹകരണ ആഡിറ്റ് ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടീം .ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് ഒരു സ്കീം തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തുന്നതാണ്.<br><br>സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദമായവിധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം നടത്തുന്നതിന് അനുമതി നൽകി.<br><br>കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ഓഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. തെരെഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഐ.റ്റി. ഓഡിറ്റ് പുറത്തുനിന്നുള്ള കമ്പ്യൂട്ടർ വിദഗ്ധരുടെ സഹായത്തോടെ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വസ്തു ഈടുകളുടെ സാമ്പിൾ തെരെഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് |

നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.), അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) എന്നിവയിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.), അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) എന്നിവയിലെ ഡയറക്ടർമാരുമായി സഹകരണ ആഡിറ്റ് ഡയറക്ടർ ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഓഡിറ്റ് MATRIX ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്തുവാനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്.

സ്വർണ്ണപണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് വകുപ്പുതല ആഡിറ്റർമാരുടെ ടൂർ പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ എന്നിവ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും കൃത്യമായി നടത്തിവരുന്നു.

വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/ സംസ്ഥാനതലങ്ങളിലും നടത്തുന്നുണ്ട്.

പരിഷ്കരിച്ച ഓഡിറ്റ് മാന്വൽ പ്രകാരം ഓഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നു.

ഓഡിറ്റ് മാന്വൽ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സഹകരണവകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള Integrated Co-operative Department Management System പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥൻ ഓഡിറ്റ് ഡയറക്ടറായി സഹകരണ ഓഡിറ്റിംഗ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS സർവ്വീസിൽ നിന്ന് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഗ്രേഡിലുള്ള ഉദ്യോഗസ്ഥയെ സഹകരണ ആഡിറ്റ് ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട്. |

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടീം .ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് ഒരു സ്കീം തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തുന്നതാണ്.

സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദമായവിധം ശക്തി പ്പെടുത്തുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം നടത്തുന്നതിന് അനുമതി നൽകി.

കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ഓഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഐ.റ്റി. ഓഡിറ്റ് പുറത്തുനിന്നുള്ള കമ്പ്യൂട്ടർ വിദഗ്ധരുടെ സഹായത്തോടെ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

വസ്തു ഈടുകളുടെ സാമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.), അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) എന്നിവയിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.), അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) എന്നിവയിലെ ഡയറക്ടർമാരുമായി സഹകരണ ആഡിറ്റ് ഡയറക്ടർ ചർച്ചചെയ്തു തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഓഡിറ്റ് MATRIX ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്തുവാനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്.

സ്വർണ്ണപണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായ രീതിയിൽ

നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് വകുപ്പുതല ആഡിറ്റർമാരുടെ ടൂർ പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ എന്നിവ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും കൃത്യമായി നടത്തിവരുന്നു.

വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/ സംസ്ഥാനതലങ്ങളിലും നടത്തുന്നുണ്ട്.

പരിഷ്കരിച്ച ഓഡിറ്റ് മാന്വൽ പ്രകാരം ഓഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നു.

ഓഡിറ്റ് മാന്വൽ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണവകുപ്പ് ആധുനിക വത്കരണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള Integrated Co-operative Department Management System പ്രോജക്റ്റിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം

| | | | |
|---|---|---|---|
| | | | (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരി ക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനായി അക്കൗണ്ടിംഗ് സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാനും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | പുതിയ സഹകരണ ഭേദഗതി നിയമത്തിൽ അക്കൗണ്ടിംഗിന് നിയതമായ വ്യവസ്ഥ ഏർപ്പെടുത്തുന്നതാണ്. |
| (ഡി) | സഹകരണ സംഘങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സഹകരണ നിയമം, ചട്ടങ്ങൾ, മാന്വൽ എന്നിവയിൽ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്.<br><br>സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ സംഘങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്നതാണ്. 26.03.2021 ലെ ജി.ഒ. (പി) നം.61/2021/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ ഓഡിറ്റ് മാന്വൽ പരിഷ്കരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ